**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2994** **10-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ നഗരസഭക്ക് അമൃത്-2 പദ്ധതികളുടെ ഭാഗമായി സമർപ്പിച്ച 16.529 കോടി, 5 കോടി, 2.5കോടി മുതലായ പ്രൊപ്പോസലുകളിൽ 16.529 കോടി രൂപയുടെ ഭരണാനുമതി മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 2 പ്രൊപ്പോസലുകളും SWAP 3 ബഫർ ലിസ്റ്റിൽ ആണ് ഉൾപ്പെട്ടിരിക്കുന്നത്. ഇവയ്ക്ക് ലഭ്യമായ ഭരണാനുമതിയിലെ സേവിങ്സിന്റെ ലഭ്യതയനുസരിച്ചാണ് അനുമതി ലഭ്യമാകുന്നത്. വളാഞ്ചേരി നഗരസഭക്ക് 26 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പ്രൊപ്പോസലുകൾ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഭരണാനുമതി ലഭ്യമാക്കുവാൻ അവശേഷിക്കുന്ന പ്രൊപ്പോസലുകൾക്ക് ആയത് ലഭ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രൊപ്പോസലുകൾ SMMU, AMRUT എന്നിവിടങ്ങളിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭ്യമായ പ്രൊപ്പോസലുകളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (സി) | ഭരണാനുമതി ലഭ്യമായ കോട്ടക്കൽ നഗരസഭയുടെ 16.529 കോടിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കി കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ